## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1096** **06.02.2020 ൽ മറുപടിക്ക്**

### ചാലക്കുടി കോടതി ജംഗ്ഷനിലെ അണ്ടർ പാസ്സേജ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ബി. ഡി. ദേവസ്സി** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ദേശീയപാതയിൽ ചാലക്കുടി കോടതി ജംഗ്ഷനിൽ വലിയ ഗതാഗതക്കുരുക്കും അപകടങ്ങളും പതിവായിരിക്കുന്നതും അനുവദിച്ച അണ്ടർ പാസ്സേജിന്റെ നിർമ്മാണം നിലച്ചിട്ട് ഒന്നര വർഷം പിന്നിട്ടിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) എങ്കിൽ നിർദ്ദിഷ്ട പാസ്സേജിന്റെ നിർമ്മാണം പുനരാരംഭിക്കുന്നതിനും പൂർത്തിയാക്കുന്നതിനും ആവശ്യമായ നടപടികളും ഇടപെടലുകളും സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (എ) & (ബി) ഉണ്ട്. NHAI യുടെ വീഴ്ചകളാണിതൊക്കെ. നാലുവരിപ്പാതയുടെ നിർമ്മാണത്തിൽ Change of Scope ആയി ഉൾപ്പെടുത്തിയ ചാലക്കുടി അണ്ടർപ്പാസിന്റെ നിർമ്മാണം വൈകിയതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടി വന്നു. അതിന്റെ അംഗീകാരം വൈകിയതിനാലാണ് പ്രവൃത്തി വൈകിയത്. റിവൈസ്ഡ് എസ്റ്റിമേറ്റിന് 24.01.2020 ൽ NHAI യിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. 2020 ഫെബ്രുവരി മാസത്തിൽ പ്രവൃത്തികൾ പുനരാരംഭിക്കുന്നതാണ്. എത്രയും നേരത്തെ പ്രവൃത്തികൾ പൂർത്തിയാക്കാനുള്ള നിർദ്ദേശം കരാറുകാരന് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**